'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല - തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി.ആർ. ശോഭനയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1161/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/06/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.06.2017-ലെ ഇ13 (ക്യൂ.വി.12/15/പി.കെ.ഡി./എൽ.എസ്.ജി.ഡി.)11847/2015നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 18.12.2017-ലെ ഡി3/232/2017-വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 07.02.2018-ലെ 24/ഇപിബി3/2018/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. പി.ആർ. ശോഭന സമർപ്പിച്ച 09.05.2018-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 25.01.2019-ലെ ഡി10-7519/2018 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ 2012-13-ലെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആരംഭിച്ച വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ സി.എം.പി. 105/2015-മേലുള്ള 23.01.2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തിൽ 11 റോഡ് ടാറിംഗ്/അറ്റകുറ്റപ്പണി പ്രവൃത്തികൾക്ക് ശരിയായ നടപടിക്രമങ്ങൾ പാലിച്ചില്ലായെന്നും പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പി.ആർ. ശോഭനയ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി.ആർ. ശോഭനയ്ക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. പി.ആർ. ശോഭന പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. പി.ആർ ശോഭന തിരുമിറ്റക്കോട് സെക്രട്ടറിയായിരുന്ന കാലയളവിൽ 2012-13 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ച 11 റോഡ് പ്രവൃത്തികൾക്കും ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും മേൽ പ്രവൃത്തികളെല്ലാം നിർവഹണം നടത്തിയിട്ടുള്ളത് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നുവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം പൂർത്തിയാക്കിയതിനു ശേഷം റിക്വിസിഷൻ നല്കിയതിന്റെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓതറൈസേഷൻ നല്കിയതിന്റെയും അടിസ്ഥാനത്തിൽ അലോട്ട്മെന്റ് അനുവദിക്കുക മാത്രമാണ് സെക്രട്ടറി എന്ന നിലയിൽ ശ്രീമതി. പി.ആർ. ശോഭന ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ശ്രീമതി. പി.ആർ. ശോഭനയുടെ എതിർവാദ പത്രികയിൽ പറഞ്ഞിട്ടുള്ള വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി.ആർ. ശോഭനയ്ക്കെതിരായ അച്ചടക്ക നടപടി **'സെൻഷർ'** നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. പി.ആർ. ശോഭന, മുൻ സെക്രട്ടറി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി3/101/2019/വിജി. തീയതി 13.03.2019പ്രകാരം)

8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/24/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ